# V റൂളിംഗ്

*മി. സ്പീക്കർ* : ചട്ടം 300 അനുസരിച്ച് 4-10-2006 ലാണ് മുഖ്യമന്ത്രി സഭയിൽ ഒരു പ്രസ്താവന നടത്തിയത്. ആ പ്രസ്താവനയുടെ കോപ്പി രണ്ട് ദിവസം കഴിഞ്ഞിട്ടാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. അന്ന് ഫ്ളോറിൽ പെട്ടന്ന് മുഖ്യമന്ത്രി പറയുകയാണ് ചെയ്തത്. വിതരണം ചെയ്ത കോപ്പിയിൽ പറയുന്ന കാര്യവും അന്ന് മുഖ്യമന്ത്രി പറഞ്ഞ കാര്യവും തമ്മിൽ വ്യത്യാസമുണ്ട് എന്നതാണ് ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് ചെയർ പരിശോധിച്ച് പിന്നീട് അറിയിക്കുന്നതാണ്.

*ശ്രീ. കെ. എം. മാണി* : സർ, സ്പീക്കർക്ക് അതിന്റെ കോപ്പി കൊടുത്തു കൊണ്ടാണ്, സ്പീക്കറുടെ അനുമതി വാങ്ങിക്കൊണ്ടാണ് നടത്തുന്നത്. അല്ലാതെ രണ്ട് ദിവസം കഴിഞ്ഞ് ഇപ്രകാരം ഒരു പ്രസ്താവന നടത്തുകയും ഞാൻ അങ്ങനെ അന്ന് പറഞ്ഞിട്ടില്ല എന്ന ഒരു നിലപാട് സ്വീകരിക്കുകയും ചെയ്തത് അപഹാസ്യമാണ്, ഈ സഭയെ പരിഹാസ്യമാക്കുകയാണ്. ഇതൊക്കെ തെറ്റായ നടപടികളാണ്. ഇങ്ങനെയുള്ള നടപടികൾ ഉണ്ടാകാൻ പാടില്ല ദൈവത്തെയോർത്ത് അതിനെ ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രി എടുത്ത് കൺഫ്യൂസ് ചെയ്യരുത് ഞാൻ നിർത്തുകയാണ്.

*മി. സ്പീക്കർ* : അതൊരു പ്രത്യേക സാഹചര്യത്തിലാണ് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ് വയ്ക്കേണ്ടിവന്നത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വിജയകുമാർ)*: സർ, ശ്രീ. കെ. എം. മാണി എന്താണ് ഉദ്ദേശിച്ചത് എന്നറിയില്ല. ഞാൻ പറഞ്ഞത് സഭയ്ക്ക് വ്യക്തത വരുത്തേണ്ട ഒരു വിഷയമാണ്, അങ്ങയുടെ വിലപ്പെട്ട അഭിപ്രായമാണ് ഇവിടെ വന്നിരിക്കുന്നത്. അതുസംബന്ധിച്ചാണ് ഞാൻ പറയുന്നത്. റൂൾ 300 എന്നു പറയുന്നത്, നമ്മുടെ ചട്ടത്തിൽ വ്യക്തമായി പറയുന്നുണ്ട്. ഒരു മന്ത്രിസഭാംഗത്തിന് ഈ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി ഒരു പ്രസ്താവന നടത്താവുന്നതാണ് എന്നല്ലാതെ അതിൽ മറ്റ് വിശദീകരണങ്ങളൊന്നും തന്നെ പറയുന്നില്ല. സഭയുടെ കീഴ്വഴക്കമെന്നു പറയുന്നത്, മുൻകൂട്ടി ബിസിനസ് തീരുമാനിക്കുന്നതിനു മുമ്പ് തന്നെ, നാളത്തെ ബിസിനസ്സ് ഇന്ന് തീരുമാനിക്കുമല്ലോ. തീരുമാനിക്കുന്നതിനു മുമ്പ് തന്നെ തലേദിവസം കൊടുത്തു കൊണ്ട്, അജണ്ടയിൽപ്പെടുത്തി ചെയ്തിട്ടുണ്ട്. പെടുത്താതെയും ചെയ്തിട്ടുണ്ട്. ഓറലായി ചെയ്തിട്ടുണ്ട്. എല്ലാ കീഴ്വഴക്കങ്ങളും ഈ സഭയിലുണ്ട്. അതിലൊന്നും യാതൊരു സംഗതിയും വന്നിട്ടില്ല. ഇതെല്ലാം മറച്ചുവച്ചുകൊണ്ട് എന്തോ ഒരു മഹാകാര്യം പറയുന്നതുപോലെ പറയുന്നത് ശരിയാണോ, അത് ഓർഡറിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

*മി. സ്പീക്കർ* : ചെയർ പറഞ്ഞു കഴിഞ്ഞു.

*ശ്രീ. കെ. സി. ജോസഫ്* : സർ, ബഹുമാന്യനായ നിയമവകുപ്പുമന്ത്രി പറയുന്നത് ശരിയല്ല. ഇവിടെ സാധാരണ ചെയ്യുന്നത്, അങ്ങ് ഇവിടെ എല്ലാ ദിവസവും ഞങ്ങൾക്ക് ബിസിനസ്സ് ലിസ്റ്റ് തരും. ഈ ബിസിനസ്സിൽ ചേർക്കും. റൂൾ 300 അനുസരിച്ച്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന രണ്ടുവട്ടവും ലിസ്റ്റ് ഓഫ് ബിസിനസ്സിൽ ഇൻക്ലൂഡ് ചെയ്തില്ല. ഇവിടെ ഫ്ളോറിൽ അത് വായിക്കുകയായിരുന്നു. ആദ്യത്തേതിന്റെ കോപ്പി ഇനിയും കിട്ടിയിട്ടില്ല. രണ്ടാമത്തേതിന്റെ കോപ്പി കിട്ടി. അങ്ങനെ ഒരു കീഴ്‌വഴക്കം നാളെ ഉണ്ടാകരുത്. റൂൾ 300 അനുസരിച്ച് ആർക്കും പ്രസ്താവന നടത്താം. മന്ത്രിക്കും പറയാം. പക്ഷേ പറയുമ്പോൾ ഞങ്ങളെ അറിയിക്കണം. അതാണ് നടപടിക്രമം. ദയവ് ചെയ്ത് ഇനി ആവർത്തിക്കാൻ അനുവദിക്കരുത്.

*മി. സ്പീക്കർ* : Yes, ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാം.

## ക്രമപ്രശ്നം

### (2) സഭാനടപടികൾ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തിയതു സംബന്ധിച്ച്

*ശ്രീ. സാജു പോൾ* : സർ, കഴിഞ്ഞ ദിവസം ധനാഭ്യർത്ഥന ചർച്ചകൾക്ക് ബഹുമാന്യയായ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ നിർഭാഗ്യകരമായ ചില സംഭവവികാസങ്ങൾ ഈ സഭയിൽ ഉണ്ടായി. അതിനിടയിൽ ബഹുമാനപ്പെട്ട ഒരു പ്രതിപക്ഷാംഗം സഭയിൽ ഉണ്ടായ പ്രക്ഷുബ്ധ രംഗങ്ങൾ മൊബൈൽ ഫോണിലെ ക്യാമറ ഉപയോഗിച്ച് പകർത്തുന്നത് കാണുകയുണ്ടായി. ഓഡിയോ-വീഡിയോ റിക്കാർഡിംഗ് എല്ലാമുള്ള മൊബൈൽ ഫോൺ ഇന്ന് സാർവ്വത്രികമായിട്ടുണ്ട്. ഈ സഭയിലെ അത്തരം രംഗങ്ങൾ ക്യാമറയിൽ പകർത്തുന്നതിന് പത്രഫോട്ടോഗ്രാഫർമാർക്കോ അംഗങ്ങൾക്കോ യാതൊരു വിധ അവകാശങ്ങളുമില്ല. ഇപ്പോൾ ചോദ്യോത്തരവേള മാത്രമാണ് സംപ്രേക്ഷണം ചെയ്യുന്നത്. ഇപ്പോൾ മന്ത്രിമാരുടെ റിട്ടയിറിംഗ് റൂമുകളിൽ വച്ചിട്ടുള്ള ടി. വി. സെറ്റുകളിലെല്ലാം ഇത് കാണുന്നുണ്ട്. ഇത് ആർക്ക് വേണമെങ്കിലും റിക്കാർഡ് ചെയ്യുന്നതിനും ക്യാമറയിൽ പകർത്തുന്നതിനു മൊക്കെയുള്ള സംവിധാനമായിട്ട് നിൽക്കുകയാണ്. ഈ സഭയിൽ അത്തരം ഒരു നടപടി സ്വീകരിച്ചത് ഗുരുതരമായ ഒരു തെറ്റായി തന്നെയാണ് കാണേണ്ടത്. ആ അംഗത്തിന്റെ പേര് ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് വേണമെങ്കിൽ ആ അംഗത്തിന്റെ പേര് ഇപ്പോൾത്തന്നെ ഞാൻ നൽകാം. അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ കസ്റ്റഡിയിൽ എടുക്കുകയാണെങ്കിൽ നിശ്ചയമായിട്ടും, ഉറപ്പായിട്ടും ഞാൻ വിശ്വസിക്കുന്നു ആ രംഗങ്ങൾ ഡിലീറ്റ് ചെയ്യപ്പെടാതെ അദ്ദേഹത്തിന്റെ മൊബൈൽ ഫോണിൽ ഉണ്ടാകും. അപ്പോൾ ഇവിടെ സന്ദർശന ഗ്യാലറിയിലും, ഉദ്യോഗസ്ഥരുടെ

LIBRARY ARCHIVES Kerala Legislative Assembly